# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1563

21-03-2012 ൽ മറുപടിയ്ക്ക്

## നെൽക്കൃഷിയിലെ വിളവ് വർദ്ധിപ്പിക്കുന്നതിനുള്ള സംവിധാനങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എം.ഹംസ | | ശ്രീ.കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) | |
| (എ) | നെൽകൃഷിയിലെ വിളവ് വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം സംവിധാനങ്ങൾ ആണ് സർക്കാർ കർഷകർക്ക് ലഭ്യമാക്കിവരുന്നത്; | (എ) | സംസ്ഥാനത്ത് നെൽകൃഷി പ്രോത്സാഹിപ്പിച്ച് വിളവ് വർദ്ധിപ്പിക്കുന്നതിനായി 2011-12 വർഷം സുസ്ഥിര നെൽകൃഷി വികസന പദ്ധതി പ്രകാരം ഗ്രൂപ്പ് ഫാമിംഗ്, തരിശു നില കൃഷി എന്നിവ യും സംസ്ഥാന ഭക്ഷ്യ സുരക്ഷാ പദ്ധതി പ്രകാരം കരനെൽകൃഷി, വനിതാഗ്രൂപ്പുകൾ വഴിയുള്ള തരിശുനില കൃഷി, വടക്കാഞ്ചേരി മോഡൽ പദ്ധതി , സുഗന്ധ നെല്ലിന വികസന പദ്ധതി എന്നിവയും മാക്രോ മാനേജ്മെന്റ് പദ്ധതി പ്രകാരം ഡമോൺസ്ട്രേഷനുകൾ, പരിശീലന പരിപാടികൾ, ഉൽപ്പാദന ഉപാധികളുടെ വിതരണം, അടിസ്ഥാന സൗകര്യവികസനം എന്നിവയും ഭക്ഷ്യസുരക്ഷാ പദ്ധതി, രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതി, രജിസ്റ്റേർഡ് വിത്തുൽപ്പാദന പദ്ധതി, നെൽകൃഷിക്കാർക്കുള്ള ഉൽപ്പാദന ബോണസ്, പലിശ രഹിത വായ്പ, നെല്ല് സംഭരണം എന്നിവ പ്രകാരം 22,356 ലക്ഷം രൂപയുടെ പദ്ധതികൾ നടപ്പിലാക്കി വരുന്നു. |
| (ബി) | പ്രസ്തുതസംവിധാനത്തിലൂടെ ലഭ്യമാവുന്ന സേവനങ്ങളും, നിർദ്ദേശങ്ങളും പര്യാപ്തമാണെന്ന് സർക്കാർ കരുതുന്നുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം ആധുനിക | (ബി) | ഉണ്ട്. കർഷകർക്ക് ഉൽപ്പാദന ഉപാധികൾ വിവിധ പദ്ധതികളിലായി സബ്സിഡി നിരക്കിൽ നൽകി വരുന്നുണ്ട്. സംസ്ഥാനത്തെ നെൽകൃഷി നടപ്പിലാക്കി വരുന്ന എല്ലാ ജില്ലകളിൽ നിന്നും 15/- രൂപ നിരക്കിൽ നെല്ല് സംഭരിക്കുന്ന സംവിധാനം നടപ്പിലാക്കുക വഴി കർഷകർ സംതൃപ്തരാണ്. മാക്രോ മാനേജ്മെന്റ് |

| | | | |
|---|---|---|---|
| | സംവിധാനങ്ങൾ, നൂതനരീതികൾ എന്നിവ നെൽക്കർഷകർക്ക് ലഭ്യമാക്കുമെന്ന് വെളിപ്പെടുത്തുമോ; | | പ്രകാരമുള്ള നെൽകൃഷി വികസന പദ്ധതി, ദേശീയ ഭക്ഷ്യസുരക്ഷാ പദ്ധതി എന്നിവ പ്രകാരം നൂതന സാങ്കേതിക വിദ്യകൾ പ്രചരിപ്പിക്കുന്നതിനുള്ള ഡമോൺ സ്ട്രേഷനുകൾ, കർഷകവയൽ വിദ്യാലയം (FFS) എന്നിവ നടപ്പിലാക്കി വരുന്നു. |
| (സി) | മുൻകാലങ്ങളെ അപേക്ഷിച്ച് നെല്ലുല്പാദനത്തിൽ ഗണ്യമായ കുറവുവന്നകാര്യം ശ്രദ്ധയിലുണ്ടോ; ഉണ്ടെങ്കിൽ എത്ര കുറവുണ്ടായി; | (സി) | മുൻകാലങ്ങളെ അപേക്ഷിച്ച് നെല്ലുൽപ്പാദനത്തിൽ ഗണ്യമായ കുറവ് വന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബ്യൂറോ ഓഫ് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സിന്റെ റിപ്പോർട്ട് പ്രകാരം 2006 -07 വർഷത്തിലെ നെൽകൃഷി വിസ്തീർണ്ണം 2,63,529 ഹെക്ടറും ഉൽപ്പാദനക്ഷമത ഹെക്ടറിന് 2435 കിലോഗ്രാമുമാണ്. 2010-11 കാലയളവിൽ ഉൽപ്പാദന ക്ഷമതയിൽ നേരിയ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. (2452 കി.ഗ്രാം/ഹെക്ടർ) എങ്കിലും നെൽകൃഷിയുടെ വിസ്തൃതി 213185 ഹെക്ടറായി കുറഞ്ഞിട്ടുണ്ട്. |
| (ഡി) | പാലക്കാട് ജില്ലയിൽ നെൽക്കൃഷി ചെയ്യുന്ന നെൽപ്പാടങ്ങൾ വ്യാപകമായി മറ്റു കൃഷിക്കുപയോഗി ക്കുന്നതു തടയാൻ എന്തെല്ലാം സംവിധാന ങ്ങൾ ഏർപ്പെടുത്തു മെന്നു വ്യക്തമാക്കുമോ? | (ഡി) | ദേശീയ ഭക്ഷ്യസുരക്ഷാ പദ്ധതി പാലക്കാട് ജില്ലയിൽ മാത്രമാണ് നടപ്പിലാക്കുന്നത്. 2011-12 വർഷം 304.37 ലക്ഷം രൂപയുടെ ദേശീയ ഭക്ഷ്യസുരക്ഷാ പദ്ധതികൾ നടപ്പിലാക്കി വരുന്നു. സുസ്ഥിര നെൽകൃഷി വികസന പദ്ധതി പ്രകാരം 958.5 ലക്ഷം രൂപയുടേയും സംസ്ഥാന ഭക്ഷ്യസുരക്ഷാ പദ്ധതി പ്രകാരം 77.6 ലക്ഷം രൂപയുടെയും പദ്ധതികൾ ഇതിനോടകം നടപ്പിലാക്കിയിട്ടുണ്ട്. കൃഷിയോഗ്യമായ നെൽവയലുകൾ സംരക്ഷിക്കുന്നതിന് 2008 ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമമനുസരിച്ച് അനധികൃത പരിവർത്തനം തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ